## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1112.** **10.06.2019 ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ ഉപഭോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപഭോഗം വൻതോതിൽ വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ലഹരി വസ്തുക്കൾ സംസ്ഥാനത്ത് എത്തുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | ലഹരി വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കുകയും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി സഹകരിച്ചുകൊണ്ടുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നു.<br>ഇതിനു പുറമെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും, ദേശീയപാതയിലും പ്രത്യേക വാഹനപരിശോധനകൾ കർശനമാക്കി, ലഹരി |

| | | | |
|---|---|---|---|
| | | | വസ്തുക്കൾ സംസ്ഥാനത്ത് എത്തുന്നതും സംസ്ഥാനത്തിനുള്ളിൽ കൈമാറ്റം ചെയ്യപ്പെടുന്നതും നിയന്ത്രിക്കുന്നു. |
| (സി) | ലഹരി മരുന്നുകൾക്ക് അടിമപ്പെട്ടുന്നവർക്കായി എല്ലാ ജില്ലകളിലും സർക്കാർ തലത്തിൽ ഡി അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ച ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം. (04712222235)<br>2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം. (04742512324)<br>3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട. (04735229589)<br>4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ. (04792452267)<br>5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം. (04822215154)<br>6. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി. (04862232474)<br>7. താലൂക്ക് ഹോസ്പിറ്റൽ, മൂവാറ്റുപുഴ, എറണാകുളം (04852832360)<br>8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ. (04802701823)<br>9. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ,പാലക്കാട്. (04924 254392)<br>10. ജില്ലാ ആശുപത്രി, നിലമ്പൂർ , മലപ്പുറം. (04931 220351)<br>11. ബീച്ച് ആശുപത്രി, കോഴിക്കോട്. (04952365367)<br>12. ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്. (04936206768).<br>13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.(04985205716)<br>14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നീലേശ്വരം, കാസർഗോഡ്. (04672282933) |

**സെക്ഷൻ ഓഫീസർ**